LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷക്ഷേമം

135 (1606) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകളിൽ അനുവദിച്ച ആകെ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏതൊക്കെ പദ്ധതികളാണ് ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക ഇതുവരെ ട്രഷറിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ നാലര വർഷത്തെ ബഡ്ജറ്റുകളിൽ ആകെ 40,449.97 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അനുവദിച്ച ആകെ തുക - 12,231.15 ലക്ഷം രൂപ ആണ്.

(ബി) ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക 12,209.85 ലക്ഷം രൂപയാണ്.

(സി&ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ന്യൂനപക്ഷ കമ്മീഷൻ

136 (1607) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് എന്നാണ് രൂപീകരിച്ചത്;

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; ന്യൂനപക്ഷ കമ്മീഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കമ്മീഷന്റെ ആസ്ഥാനം എവിടെയാണ്; ആരൊക്കെയാണ് കമ്മീഷൻ അംഗങ്ങൾ; കമ്മീഷന് ഇപ്പോൾ മേഖലാ ഓഫീസുകൾ ഉണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇല്ലെങ്കിൽ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ മേഖലാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ന്യൂനപക്ഷങ്ങൾക്കായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിന്റെ ലക്ഷ്യങ്ങൾ; എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നത്; ഓരോന്നിന്റെയും മാനദണ്ഡങ്ങളും, വിശദാംശങ്ങളും, അപേക്ഷകളുടെ മാതൃകകളും ലഭ്യമാക്കുമോ?

ഉത്തരം

(എ) 1-1-2011-ലെ സ.ഉ.(പി)നമ്പർ 2/2011/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചു.

(ബി) 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013-ലെ 37-ാം നമ്പർ ഓർഡിനൻസ്) പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 2013 ജൂൺ 5 -ാം തീയതിയിലെ സ.ഉ (അച്ചടി)163 /2013/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ഒഴിവാകുന്നതിന് നടപടികൾ ശിപാർശ ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കമ്മീഷനുള്ളത്.

(സി) കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന പരാതി മുഖേനയോ വാർത്താ മാധ്യമങ്ങൾ മുഖേനയോ ശ്രദ്ധയിൽപ്പെടുന്ന, ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും കമ്മീഷൻ ഇടപെട്ട് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ ശാക്തീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, വ്യക്തികൾ തദ്ദേശ ഭരണ പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ തലങ്ങളിൽ വിളിച്ചു ചേർത്തും വിവിധ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ സന്ദർശിച്ചും കമ്മീഷന് ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചും മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ടുള്ള വിഷയം സംബന്ധിച്ചും കമ്മീഷൻ പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരത്താണ് കമ്മീഷൻ ആസ്ഥാനം, അഡ്വ. എം. വീരാൻകുട്ടി (ചെയർമാൻ), അഡ്വ. വി. വി. ജോഷി (മെമ്പർ), അഡ്വ. കെ. പി. മറിയുമ്മ (മെമ്പർ) എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. കമ്മീഷന് മേഖലാ ഓഫീസുകളില്ല. എന്നാൽ കമ്മീഷന്റെ സിറ്റിംഗുകൾ വിവിധ ജില്ലകളിൽവച്ച് നടത്താറുണ്ട്.

(ഇ) ഉണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനും ന്യൂനപക്ഷങ്ങളിൽ ദുർബലരായ ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനും ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ധനസഹായവും നൽകുക എന്നതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന്റെ ലക്ഷ്യം.

കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പദ്ധതികൾക്കായുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃക കെ.എസ്.എം.ഡി.എഫ്.സി.-യുടെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.ksmdf. org)

ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

137 (1608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ , വിവാഹമോചിതർ തുടങ്ങിയവർക്കുവേണ്ടി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ വിവരം നൽകുമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയിലെയും മലപ്പുറം ജില്ലയിലെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷത്തിൽ വിധവകൾ/വിവാഹബന്ധം വേർപ്പെട്ടുത്തിയ സ്ത്രീകൾക്കും 2014-15, 2015-16 സാമ്പത്തികവർഷത്തിൽ വിധവകൾ / വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ ഓരോ വീടിനും 2.5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly